*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ, തിരുവനന്തപുരം 1*

**ICT Cell/1771/ HSE/2016** **15th October 2016**

# സർക്കുലർ

**വിഷയം : 2016–2017 അധ്യയന വർഷത്തെ ഹയർസെക്കണ്ടറി ഒന്നാം വർഷ പരീക്ഷയുടെ നോമിനൽ റോൾ പരിശോധനയ്ക്കായി പ്രസിദ്ധീകരിച്ചു.**

സൂചന : 1) GO(Rt)No. 1313/11/G.Edn dated 31/3/2011
2) GO(Rt)No. 2051/10/G.Edn dated 15/5/2010
3) GO(Rt)No. 1687/16/G.Edn dated 19/05/2016

2016–2017 വർഷത്തിൽ ഹയർസെക്കണ്ടറി ഒന്നാം വർഷ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ നോമിനൽ റോൾ സ്കൂൾ അധികൃതരുടെ പരിശോധനയ്ക്കായി പ്രസിദ്ധീകരിച്ചു. അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in –ൽ അഡ്മിൻ യൂസറായി ലോഗിൻ ചെയ്ത് നോമിനൽ റോൾ സൂക്ഷ്മ പരിശോധനക്കുള്ള നടപടികൾ സത്വരമായി പ്രിൻസിപ്പൾമാർ സ്വീകരിക്കണം. ഒന്നാം വർഷ ക്ലാസ്സ് ചാർജ്ജുള്ള അധ്യാപകർ , ഭാഷാ അധ്യാപകർ എന്നിവർക്ക് NOMINAL LIST –ന്റെ പ്രിൻറൗട്ട് നൽകി സൂക്ഷ്മ പരിശോധന നടത്തുന്നതിനോടൊപ്പം നോമിനൽ റോളിന്റെ പ്രിൻറൗട്ട് സ്കൂൾ നോട്ടീസ് ബോർഡിൽ വിദ്യാർത്ഥികളുടെ പരിശോധനക്കായി പ്രസിദ്ധീകരിക്കുകയും വേണം. **നോമിനൽ റോളിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള അവസാന അവസരമാണിത്.** പ്രവേശനം നേടിയ ശേഷം രണ്ടാം ഭാഷ മാറ്റിയ വിദ്യാർത്ഥികളുടെ രണ്ടാം ഭാഷ ഈ അവസരത്തിൽ മാറ്റാവുന്നതാണ്. ഏകജാലക രീതിയിൽ നടത്തിയ പ്രവേശനങ്ങളുടെ കേന്ദ്രീകൃത ഡാറ്റാബേസിലേക്ക് അതത് സ്കൂളുകളിൽ നിന്ന് വിദ്യാർത്ഥികളുടെ രണ്ടാം ഭാഷ, അഡ്മിഷൻ നമ്പർ മുതലായ വിവരങ്ങൾ കൂടി ശേഖരിച്ചും മാനേജ്മെൻറ് / കമ്മ്യൂണിറ്റി ക്വാട്ടകളിലേയും അൺ–എയ്ഡഡ് ബാച്ചുകളിലേയും ,അൺ–എയ്ഡഡ് സ്കൂളുകളിലേയും,ടെക്നിക്കൽ സ്കൂളുകളിലേയും, റെസിഡെൻഷ്യൽ സ്കൂളുകളിലേയും പ്രവേശന വിവരങ്ങൾ കൂട്ടിച്ചേർത്തുമാണ് നോമിനൽ റോൾ തയ്യാറാക്കിയിരിക്കുന്നത്.

## നോമിനൽ റോളുകൾ ലഭ്യമാകാത്ത സ്കൂളുകൾ

ചില സ്കൂളുകളുടെ/ കോംബിനേഷനുകളുടെ നോമിനൽ റോളുകൾ താഴെപ്പറയുന്ന കാരണങ്ങളാൽ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

- ഇക്കൊല്ലത്തെ ഏകജാലകേതര പ്രവേശനവിവരങ്ങൾ സ്കൂളിൽ നിന്ന് നൽകാത്തതിനാൽ

- ഏകജാലകരീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ രണ്ടാം ഭാഷ, അഡ്മിഷൻ നമ്പർ മുതലായ വിവരങ്ങൾ നൽകാത്തതിനാൽ/ അപൂർണമായി നൽകിയതിനാൽ
- മാനേജ്മെന്റ്/ കമ്മ്യൂണിറ്റി ക്വാട്ട/ അൺ എയിഡഡ് ബാച്ച് മുതലായവയിലെ വിദ്യാർത്ഥി വിവരങ്ങൾ നൽകാത്തതിനാൽ/ അപൂർണമായി നൽകിയതിനാൽ

സ്കൂളിന്റെ നോമിനൽ റോളുകൾ പൂർണമായോ ഭാഗികമായോ ലഭ്യമാകാതിരുന്നാൽ അഡ്മിൻ യൂസറിൽ തന്നെയുള്ള NOMINAL LIST ലിങ്കിൽ തന്നെ അപൂർണ്ണ വിവരങ്ങൾ അടങ്ങിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് കാണാവുന്നതാണ്. ഈ ലിസ്റ്റിലൂടെ ഏതെങ്കിലും വിദ്യാർത്ഥിയുടെ/ വിദ്യാർത്ഥികളുടെ ജാതി , രണ്ടാം ഭാഷ, അഡ്മിഷൻ നമ്പർ, അഡ്മിഷൻ സ്റ്റാറ്റസ്, അക്കൗണ്ടൻസി സ്പെസിഫിക്കേഷൻ എന്നിവയിൽ ഏതെങ്കിലും വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിച്ച് ആയവ പൂർത്തീകരിക്കുന്നതിന് അഡ്മിൻ യൂസറിലുള്ള NOMINAL ROLL CORRECTION ലിങ്കിലൂടെ അപേക്ഷാനമ്പർ എൻറർ ചെയ്ത് പ്രസ്തുത വിദ്യാർത്ഥിയുടെ/ വിദ്യാർത്ഥികളുടെ പൂർത്തിയാക്കേണ്ട വിവരങ്ങൾ നൽകണം.

ഇതുവരെ വിദ്യാർത്ഥിവിവരങ്ങൾ ഒന്നും തന്നെ ഡേറ്റാ എൻട്രി ചെയ്യാത്ത / വിദ്യാർത്ഥിവിവരങ്ങൾ വെരിഫിക്കേഷൻ ചെയ്യാത്ത / പ്രവേശന വിവരങ്ങൾ സമയപരിധിക്കുള്ളിൽ അപ്‌ലോഡ് ചെയ്യാത്ത സ്കൂളുകളിലെ പ്രിൻസിപ്പൽമാർ കൃത്യനിർവഹണ വീഴ്ചക്ക് വ്യക്തമായ വിശദീകരണം സഹിതം ഡേറ്റാ എൻട്രി / വെരിഫിക്കേഷൻ നടത്തുന്നതിന് ഹയർ സെക്കൻഡറി ഡയറക്ടറുടെ അനുമതി തേടേണ്ടതാണ്. ഡയറക്ടറുടെ അനുമതി ലഭിച്ച ശേഷം ഐ.സി.റ്റി. സെല്ലിൽ നിന്നുള്ള നിർദ്ദേശപ്രകാരം വിദ്യാർത്ഥിവിവരങ്ങൾ നോമിനൽ റോളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്കൂളധികൃതർ സ്വീകരിക്കേണ്ടതാണ്.

**നോമിനൽ റോളിൽ വിട്ടുപോയ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നതിനും വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനും താഴെ സൂചിപ്പിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.**

നോമിനൽ ലിസ്റ്റിലില്ലാത്ത വിദ്യാർത്ഥികളുടെ അഡ്മിഷൻ നമ്പർ, അഡ്മിഷൻ നൽകിയ രീതി, അപേക്ഷാ നമ്പർ (ഏകജാലക അപേക്ഷാനമ്പറാണ് നൽകേണ്ടത്), അഡ്മിഷൻ നൽകിയ തീയതി, വിഷയ കോംബിനേഷൻ (കോഡ് സഹിതം), അക്കൗണ്ടൻസി വിഷയങ്ങളുണ്ടെങ്കിൽ AFS അല്ലെങ്കിൽ CA എന്നത്, രണ്ടാം ഭാഷ, പ്രവേശനം നൽകിയതിനാധാരമായ ഉത്തരവുകളുടെ പകർപ്പ്, പ്രിൻസിപ്പലിന്റെ റിപ്പോർട്ട്, യോഗ്യതാ സർട്ടിഫിക്കറ്റ്, **അഡ്മിഷൻ രജിസ്റ്ററിന്റെ നിർദ്ദിഷ്ട പേജ്** (സൂചന 1 പ്രകാരമുള്ള)എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ **കോ-ഓഡിനേറ്റർ, ഐ.സി.റ്റി. സെൽ (ഹയർസെക്കൻഡറി വിദ്യാഭ്യാസം), ഐ.റ്റി. അറ്റ് സ്കൂൾ പ്രോജക്റ്റ് ഓഫീസ്, പൂജപ്പുര, തിരുവനന്തപുരം-12** എന്ന വിലാസത്തിൽ തപാലിൽ അയക്കണം. **കവറിന് പുറത്ത് ജില്ലയുടെ പേരും സ്കൂൾ കോഡും നിർബന്ധമായും എഴുതിയിരിക്കണം.** അതിനു ശേഷം ഐ.സി.റ്റി. സെല്ലിൽ നിന്നുള്ള നിർദ്ദേശപ്രകാരം വിദ്യാർത്ഥിയെ നോമിനൽ റോളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്കൂളധികൃതർ സ്വീകരിക്കേണ്ടതാണ്.

ഇക്കൊല്ലത്തെ പ്രവേശനപ്രക്രിയ പൂർത്തിയാക്കിയ ശേഷം സർക്കാരിന്റെ പ്രത്യേക ഉത്തരവുകൾ പ്രകാരം പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ സൂചന 2 സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം ഇതുവരെയും റിപ്പോർട്ട് ചെയ്യാത്തവരും മുകളിൽ സൂചിപ്പിച്ച പ്രകാരമാണ് അയക്കേണ്ടത്. പ്ലസ് വൺ ക്ലാസ്സിൽ പുനഃപ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങളും മുകളിൽ സൂചിപ്പിച്ച പ്രകാരം അയക്കണം.

# നോമിനൽ റോൾ തിരുത്തലുകൾ

നോമിനൽ റോളിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെ വിവരങ്ങളിൽ തിരുത്തുകൾ ആവശ്യമുണ്ടെങ്കിൽ ആയവ സ്കൂൾ അധികൃതർക്കു തന്നെ ഓൺലൈനായി തിരുത്താവുന്നതാണ്. അഡ്മിൻ യൂസറിലുള്ള NOMINAL ROLL CORRECTION എന്ന ലിങ്കിലൂടെ തിരുത്തലുകൾ വരുത്തേണ്ട വിദ്യാർത്ഥിയുടെ **കേന്ദ്രീകൃത പ്രവേശന രജിസ്ട്രിയിലെ അപേക്ഷാ നമ്പർ** നൽകി വിദ്യാർത്ഥിയുടെ പേര്, ജനന തീയതി , രണ്ടാം ഭാഷ എന്നിങ്ങനെയുള്ള വിവരങ്ങളിൽ തിരുത്തുകൾ ആവശ്യമുണ്ടെങ്കിൽ ചെയ്യേണ്ടതാണ്. പ്രവേശനം നേടിയ ശേഷം രണ്ടാം ഭാഷ മാറ്റിയ വിദ്യാർത്ഥികളുടെ രണ്ടാം ഭാഷ പ്രസ്തുത ലിങ്കിലൂടെ മാറ്റാവുന്നതാണ്. **നോമിനൽ റോൾ തിരുത്തലുകൾക്ക് വേണ്ടിയുള്ള ലിങ്ക് ഒക്ടോബർ 17 മുതൽ 21 ന് വൈകിട്ട് 5 മണി വരെ ലഭ്യമാകുന്നതാണ്.**

**നോമിനൽ റോളുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളേയോ, രക്ഷകർത്താക്കളേയോ ഒരു കാരണവശാലും ഡയറക്ടറേറ്റിലേക്ക് അയക്കരുത്. സ്കൂളധികൃതരാണ് ഐ.സി.റ്റി. സെല്ലുമായി ബന്ധപ്പെട്ട് ലിസ്റ്റ് പൂർണ്ണമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത്.**

**ഡയറക്ടർ**